പത്രാധിപർ: കെ. ദാമോദരൻ

# നവയുഗം

പുസ്തകം 9 | 1959 ജൂൺ 13 (1134 ഇടവം 30) ശനിയാഴ്ച | ലക്കം 2

## ഗൂഢാലോചനയെ പരാജയപ്പെടുത്തുക

സംഘട്ടനാത്മകവും അരാജകത്വപരവുമായ ഒരു കുഴപ്പത്തിലേയ്ക്കു നീങ്ങിക്കൊണ്ടിരിയ്ക്കുന്നതുമായ കേരളത്തിലെ ഇന്നത്തെ സ്ഥിതിഗതികൾ പ്രധാനമന്ത്രി നെഹ്രുവിന്റെ ശ്രദ്ധയെ ആകർഷിച്ചുകഴിഞ്ഞിട്ടുണ്ടെന്നു കാണുന്നതിൽ ഞങ്ങൾ സന്തോഷിയ്ക്കുന്നു. ജൂൺ 6-ാംനു- കോയമ്പത്തൂരിൽവെച്ചു് ചെയ്ത ഒരു പ്രസ്താവനയിൽ അദ്ദേഹം പറഞ്ഞു:

"കുറച്ചു നാളായി കേരളത്തിലെ സ്ഥിതിയെക്കുറിച്ചു എനിക്കു് ഉൽക്കണ്ഠയുണ്ടു്. ഇടയിൽ വന്നശേഷം പല വഴിയ്ക്കും എനിക്കു് കൂടുതൽ വിവരങ്ങൾ കിട്ടിയിട്ടുണ്ടു്. എന്റെ ഉൽക്കണ്ഠ വർദ്ധിച്ചിരിയ്ക്കുന്നു. ഏറ്റുമുട്ടലുകൾക്കു സാദ്ധ്യതയുള്ള ഒരു സ്ഥിതിവിശേഷമാണു് അവിടെ ദ്രുതഗതിയിൽ വളർന്നുവരുന്നതെന്നു വ്യക്തമാണു്."

വർഗ്ഗീയതയെയോ ജാതീയതയെയോ പ്രത്യക്ഷമായോ പരോക്ഷമായോ പ്രോത്സാഹിപ്പിയ്ക്കുന്ന യാതൊന്നും ചെയ്യരുതെന്നു് നെഹ്രു കോൺഗ്രസ്സുകാരെ ഉൽബോധിപ്പിച്ചിട്ടുണ്ടു്. അക്രമത്തെ ജനാധിപത്യരാഷ്ട്രത്തിലെ പ്രവർത്തനസമ്പ്രദായമായി സ്വീകരിച്ചുകൂടാ എന്നു് അദ്ദേഹം താക്കീതു നൽകിയിരിയ്ക്കുന്നു. അദ്ദേഹം പറയുന്നു:

"ജനാധിപത്യപരവും സമാധാനപരവുമായ മാർഗ്ഗങ്ങളിൽനിന്നു് വ്യതിചലിയ്ക്കാതിരിയ്ക്കേണ്ടതു് ഗവർമ്മെണ്ടിനെ എതിർക്കുന്നവരുടെ കടമയാണു്. സമാധാനപരമായി പ്രക്ഷോഭം നടത്തി തങ്ങളുടെ നിലപാടു് ജനങ്ങളെ ബോദ്ധ്യപ്പെടുത്താൻ അവർക്കവകാശമുണ്ടു്. അവർക്കു് ഗവർമ്മെണ്ടിനെ മാറ്റുന്നതിനു ശ്രമിയ്ക്കാം. പക്ഷെ, അതു ജനാധിപത്യപരവും സമാധാനപരവുമായ മാർഗ്ഗങ്ങളിലൂടെയാവണം. സമാധാനപരമായ മാർഗ്ഗങ്ങൾ ഉപേക്ഷിച്ചാൽ ജനാധിപത്യവും ഉപേക്ഷിയ്ക്കപ്പെടും.... അതിനാൽ സമാധാനപരമായ മാർഗ്ഗങ്ങളിൽ ഉറച്ചു നിൽക്കണമെന്നും പ്രസംഗത്തിലും പ്രവൃത്തിയിലും അക്രമം ഉപേക്ഷിയ്ക്കണമെന്നും കേരളത്തിലെ എല്ലാ കക്ഷികളിലെയും എല്ലാവരോടും അഭ്യർത്ഥിയ്ക്കുന്നു. നമ്മുടെ പ്രശ്നങ്ങൾക്കു് പരിഹാരം കാണാൻ സമാധാനപരമായ മാർഗ്ഗങ്ങൾ സ്വീകരിയ്ക്കാതെ അക്രമത്തിനും നിർബ്ബന്ധത്തിനും മുതിരുന്നതു് വലിയൊരു ദുരന്തമാവും. മാർഗ്ഗങ്ങൾ ലക്ഷ്യത്തെക്കാൾ തന്നെ പ്രാധാന്യമുള്ളതാണെന്നു് മഹാത്മാഗാന്ധി നമ്മെ പഠിപ്പിച്ചിട്ടുണ്ടു്. നാം അതു വിസ്മരിയ്ക്കുകയാണെങ്കിൽ അതു നമ്മുടെ തന്നെ നാശത്തിനു കാരണമാവും".

സ്വാഗതാർഹവും സന്ദർഭോചിതവുമായ ഈ പ്രസ്താവന കേരളത്തിലെ കമ്മ്യൂണിസ്റ്റ് ഗവർമ്മെണ്ടിനെ ജനാധിപത്യവിരുദ്ധമാർഗ്ഗങ്ങളിലൂടെ ബലം പ്രയോഗിച്ചു് അട്ടിമറിയ്ക്കാൻ വെമ്പൽ കൊള്ളുന്ന പ്രതിലോമശക്തികൾക്കു് കിട്ടിയ ഒരു പ്രഹരമാണു്. അതുകൊണ്ടുതന്നെയാണു് നെഹ്രുവിന്റെ പ്രസ്താവന പ്രസിദ്ധം ചെയ്ത സാമുദായികപത്രങ്ങളും ചില കോൺഗ്രസ്സു് പത്രങ്ങൾതന്നെയും പ്രസ്താവനയിലെ മുകളിലുദ്ധരിയ്ക്കപ്പെട്ട സ്വാഗതാർഹമായ ഭാഗങ്ങളെ "ബ്ലാക്ക്" ഔട്ടു് ചെയ്യുകയോ വികൃതമാക്കി പ്രസിദ്ധീകരിയ്ക്കുകയോ ചെയ്തിട്ടുള്ളതു്. സമാധാനപരവും ജനാധിപത്യപരവുമായ മാർഗ്ഗങ്ങൾ സ്വീകരിയ്ക്കണമെന്ന അഭിപ്രായത്തെ അപ്രധാനമാക്കിത്തള്ളിക്കൊണ്ടും ഗവർമ്മെണ്ടിനെ മാറ്റാൻ ജനങ്ങൾക്കവകാശമുണ്ടു് എന്ന അഭിപ്രായത്തെ മാത്രം പൊക്കിപ്പിടിച്ചുകൊണ്ടും തങ്ങളുടെ അട്ടിമറിപ്രവർത്തനങ്ങൾക്കുള്ള അംഗീകരണമായി നെഹ്രുവിന്റെ പ്രസ്താവനയെ വ്യാഖ്യാനിയ്ക്കാനാണു് അവർ മുതിർന്നിട്ടുള്ളതു്.

നെഹ്രുവിന്റെ തന്നെ പ്രസ്താവനയിലടങ്ങിയ ദൌർബ്ബല്യങ്ങളും തെറ്റായ നിഗമനങ്ങളുമാണു് ഇപ്രകാരം ദുർവ്യാഖ്യാനിയ്ക്കാൻ സ്ഥാപിതതാല്പര്യക്കാർക്കും അവരുടെ പത്രങ്ങൾക്കും സൌകര്യം നൽകിയതു് എന്നാണു് ഞങ്ങളുടെ

...പ്രായം. എന്തെന്നാൽ, സമരക്കാർ ജനാധിപത്യപരവും സമാധാനപരവുമായ മാർഗ്ഗങ്ങളുപേക്ഷിച്ചിരിക്കുകയാണെന്നാവശ്യപ്പെടുന്നതോടൊപ്പം കമ്യൂണിസ്റ്റ് ഗവർമ്മെണ്ടിനെ അന്ധമായി വിമർശിക്കാനും അദ്ദേഹം മുതിർന്നിരിക്കുന്നു. കേരളത്തിലെ ഗവർമ്മെണ്ടിനെതിരായി വമ്പിച്ച ബഹുജനമുന്നേറ്റമുണ്ട്, ഗവണ്മെണ്ടിനെതിരായി അസംതൃപ്തി വളർന്നിട്ടുണ്ട്, ഗവണ്മെണ്ടിന്റെ ആത്മാർത്ഥതയെ ധാരാളം ആളുകൾ സംശയിക്കുന്നു, ഗവണ്മെണ്ട് മറ്റു കക്ഷികളോട് അനീതിയും അക്രമവും കാണിക്കുന്നുണ്ട് എന്നിങ്ങിനെ കേരളത്തിലെ സാമുദായികപിന്തിരിപ്പന്മാരും പ്രതിപക്ഷപാർട്ടികളും ഉന്നയിച്ചിട്ടുള്ള ദുരപവാദങ്ങളായ ആരോപണങ്ങളെ ചോദ്യം ചെയ്യാതെ ആവർത്തിക്കുകയാണ് നെഹ്റു ചെയ്തിട്ടുള്ളത്.

പിന്തിരിപ്പന്മാരും വൻകിടസ്വത്തുടമസ്ഥന്മാരുമായ സ്ഥാപിതതാല്പര്യക്കാർക്കും അവരെ പ്രതിനിധീകരിക്കുന്ന അസംതൃപ്തരായ രാഷ്ട്രീയനേതാക്കന്മാർക്കും കേരളത്തിലെ സാമൂഹ്യജീവിതത്തിൽ ഇപ്പോഴും ശക്തമായ സ്വാധീനശക്തിയുണ്ടെന്നും, പിന്തിരിപ്പന്മാരായ കത്തോലിക്കാ വൈദികനേതാക്കന്മാർക്ക തങ്ങളുടെ സങ്കുചിതമായ സാമ്പത്തികാവശ്യങ്ങൾക്കുവേണ്ടി ജനങ്ങളുടെ മതവിശ്വാസത്തെ ചൂഷണം ചെയ്യാനുള്ള കഴിവ് ഇപ്പോഴും നിലനില്ക്കുന്നുണ്ടെന്നുമുള്ള യാഥാർത്ഥ്യങ്ങളെ ഞങ്ങൾ കാണാതിരിക്കുന്നില്ല. പക്ഷേ, അവരിളക്കിവിടുന്ന വിദ്വേഷപ്രകടനങ്ങൾ ഒരു ബഹുജനമുന്നേറ്റമാകുന്നതെങ്ങിനെയെന്ന ഞങ്ങൾക്ക മനസ്സിലാകുന്നില്ല. ജനങ്ങളെ തെറ്റിദ്ധരിപ്പിച്ചും മതവികാരങ്ങളിളക്കിയും സമുദായികവിദ്വേഷം മൂർച്ചിപ്പിച്ചും ലക്ഷക്കണക്കിൽ ഉറുപ്പിക ചെലവിട്ടും പിന്തിരിപ്പൻ സ്ഥാപിതതാല്പര്യക്കാർ നടത്തുന്ന സമരം ഒരു ബഹുജനമുന്നേറ്റമാണെന്ന കേരളത്തിലെ സ്ഥിതിഗതികളറിയുന്ന നിഷ്പക്ഷമതികളാരും പറയുകയില്ല. കാർഷികപരിഷ്കരണം, സഹകരണപ്രസ്ഥാനം തുടങ്ങിയ കോൺഗ്രസ്സിന്റെ പ്രഖ്യാപിതപരിപാടികളെ കാര്യമായെടുത്തു നടപ്പിൽ വരുത്താൻ എതെങ്കിലുമൊരു സ്റ്റേറ്റിലെ കോൺഗ്രസ്സ് ഗവർമ്മെണ്ട് ഒരുങ്ങിയിരുന്നെങ്കിൽ ആ ഗവർമ്മെണ്ടിനും ഇതുപോലുള്ള ഒരു പ്രക്ഷോഭത്തെ അഭിമുഖീകരിക്കേണ്ടിവരുമായിരുന്നു. നാഗപ്പൂർ പ്രമേയം പാസ്സായപ്പോഴേക്കും കോൺഗ്രസ്സിനകത്തും പുറത്തുമുള്ള പിന്തിരിപ്പന്മാർ പ്രക്ഷോഭമാരംഭിച്ചതു നമ്മളെല്ലാം കണ്ടുകഴിഞ്ഞതാണല്ലോ?

യഥാർത്ഥത്തിൽ കഴിഞ്ഞ രണ്ടരകൊല്ലമായി കേരളത്തിലെ കമ്യൂണിസ്റ്റ് ഗവർമ്മെണ്ട് എടുത്തിട്ടുള്ള പുരോഗമനപരങ്ങളായ നടപടികൾ കാരണം ഗവർമ്മെണ്ടിന്റെയും കമ്യൂണിസ്റ്റ് പാർട്ടിയുടെയും അന്തസ്സും ബഹുജനപിന്തുണയും വർദ്ധിക്കുകയാണ് ചെയ്തിട്ടുള്ളത്. നാടിന്റെ നാനാഭാഗങ്ങളിലുമായി ഇതിനിടയിൽ നടന്നുകഴിഞ്ഞ ഉപതിരഞ്ഞെടുപ്പുകളുടെ ഫലങ്ങളും, കമ്യൂണിസ്റ്റ് പാർട്ടിയുടെ ആഭിമുഖ്യത്തിൽ നടത്തപ്പെടുന്ന റാലികളിലും സമ്മേളനങ്ങളിലും പങ്കെടുക്കുന്ന ജനങ്ങളുടെ എണ്ണവും, പഞ്ചവത്സരപദ്ധതി നടപ്പിൽ വരുത്തുന്ന കാര്യത്തിൽ കമ്യൂണിസ്റ്റ് ഗവർമ്മെണ്ടിന്നു കിട്ടിക്കൊണ്ടിരിക്കുന്ന പിന്തുണയും മറ്റും പരിശോധിച്ചാൽ ഇതു വ്യക്തമാവും. ഇനിയും രണ്ടു കൊല്ലംകൂടി കമ്യൂണിസ്റ്റ് ഗവർമ്മെണ്ടിനെ ഭരിക്കാനനുവദിച്ചാൽ തങ്ങളുടെ സ്ഥിതി കൂടുതൽ പരുങ്ങലിലാവുമെന്ന പിന്തിരിപ്പന്മാർ ഭയപ്പെടുന്നു. അതുകൊണ്ടു തന്നെയാണ് ജനാധിപത്യമാർഗ്ഗങ്ങളും വ്യവസ്ഥാപിതമാർഗ്ഗങ്ങളുമുപേക്ഷിച്ച് ബലപ്രയോഗത്തിലൂടെ കമ്യൂണിസ്റ്റ് ഗവർമ്മെണ്ടിനെ അട്ടിമറിക്കാൻ അവർ ഉദ്യമിച്ച് പാഞ്ഞുനടക്കുന്നത്.

സാമുദായികവാദത്തെയും ജാതീയതയെയും നെഹ്റു എതിർക്കുന്നുണ്ടെന്നുള്ളതു ശരിയാണ്. പക്ഷെ, കേരളത്തിലെ കോൺഗ്രസ്സുപാർട്ടി എടുത്തുകൊണ്ടിരിക്കുന്ന വൃത്തികെട്ട അടവുകളെപ്പറ്റി അദ്ദേഹം ഒരക്ഷരം പോലും പറയുന്നില്ല. കേരളത്തിലെ കോൺഗ്രസ്സ് സ്വന്തം കാലിൽനിന്നുകൊണ്ടല്ല, സാമുദായികവാദികളുമായി കൂട്ടുകൂടിക്കൊണ്ടാണ് സമരം നടത്താൻ മുതിർന്നിട്ടുള്ളത് എന്ന് ആർക്കാണറിഞ്ഞുകൂടാത്തത്? മന്നത്തു പത്മനാഭന്റെ പ്രക്ഷോഭവും കോൺഗ്രസ്സിന്റെ പ്രക്ഷോഭവും യോജിച്ചുകൊണ്ട് നടത്തപ്പെടുക എന്ന് കെ. പി. സി. സി. പ്രസിഡണ്ട് ആർ. ശങ്കർ തന്നെ പരസ്യമായി പ്രഖ്യാപിച്ചുകഴിഞ്ഞിരിക്കുകയാണ്.

ജനാധിപത്യപരമായി തിരഞ്ഞെടുക്കപ്പെട്ടിട്ടുള്ള കേരളഗവർമ്മെണ്ടിനെ അട്ടിമറിക്കാനുള്ള ഈ സമരത്തിന്ന് അഖിലേന്ത്യാ കോൺഗ്രസ്സ്നേതൃത്വത്തിന്റെ പൂർണ്ണമായ പിന്തുണയുണ്ടെന്ന ശ്രീ. ശങ്കറിന്റെ പ്രസ്താവനയാണ് കൂടുതൽ അർത്ഥഗർഭമായിട്ടുള്ളത്.

നാട്ടിലാകെ അസമാധാനവും അരാജകത്വങ്ങളും നിയമലംഘനങ്ങളുമഴിച്ചുവിട്ട് കുഴപ്പങ്ങളുണ്ടാക്കിയാൽ കേന്ദ്രം ഇടപെട്ട് കമ്യൂണിസ്റ്റ് ഗവർമ്മെണ്ടിനെ പിരിച്ചു[illegible]ല്ലെങ്കിൽ കേന്ദ്രത്തിലെ കോൺഗ്രസ്സ് നേതാക്കന്മാർ അപായകരമായ ഈ ചൂതാട്ടത്തിന്നൊരുങ്ങുമായിരുന്നില്ല. "ഭരണഘടനാപരമായ പരിധികളിൽ മാത്രം നിന്നുകൊണ്ടുള്ള ഒരു പ്രക്ഷോഭമല്ല ഇതെ"ന്നും, "വേണ്ടിവന്നാൽ സമയോചിതമായി അതിന്നപ്പുറത്തുള്ള പരിപാടികളും സ്വീകരി"ക്കുമെന്നും ശ്രീ ശങ്കർ ജൂൺ 5-ാംനു "കേരള കൗമുദി" ലേഖകനോടു പ്രസ്താവിക്കുകയുണ്ടായി. ഭരണഘടനാവിരുദ്ധവും നിയമവിരുദ്ധവുമായ നടപടികൾകൊണ്ട് ഗവർമ്മെണ്ടിന്റെ പ്രവർത്തനങ്ങളെ സ്തംഭിപ്പിക്കുകയും, നിയമത്തിന്റെ വാഴ്ചയെ തകർക്കുകയും, അങ്ങിനെ കേന്ദ്രഗവർമ്മെണ്ടിന്റെ ഇടപെടലിന്ന കളമൊരുക്കുകയും ചെയ്യുക എന്നതാണ് ഇവരുടെ ഉദ്ദേശമെന്നു ഇതിൽ നിന്നുതന്നെ വ്യക്തമാണ്. നിയമത്തിന്റെ ഭരണത്തെപ്പറ്റിയും ജനാധിപത്യവാഴ്ചയെപ്പറ്റിയും ഇടമുറിയാതെ ഗിരിപ്രഭാഷണങ്ങൾ നടത്താറുള്ള അഖിലേന്ത്യാ കോൺഗ്രസ്സ് നേതാക്കൾ, തങ്ങളുടെ കേരളത്തിലെ അനുയായികൾ ഇത്ര വ്യക്തമായവിധത്തിൽ നിയമവിരുദ്ധസമരങ്ങൾക്ക മുതിർന്നിട്ടും അതിനെ പരസ്യമായി അപലപിക്കുകയോ, അവരെ വിധ്വംസകകൃത്യങ്ങളിൽ നിന്നു പിന്തിരിപ്പിക്കാൻ ശ്രമിക്കുകയോ ചെയ്തിട്ടില്ലെന്നതു ശ്രദ്ധേയമാണ്. തങ്ങളുടെ കക്ഷിയിൽ നിന്നു വ്യത്യസ്തമായ ഒരു കക്ഷി, ഇന്ത്യയിലെ ഒരു സ്റ്റേറ്റിൽ ഭരണഘടനാവിധേയമായ വിധത്തിൽ ഭരണം നടത്തുന്നതിൽ അവർക്കുള്ള അസഹിഷ്ണുത പല വിധത്തിൽ പ്രകടിപ്പിക്കപ്പെട്ടിട്ടുള്ളതാണ്. ഈ അസഹിഷ്ണുതയും അക്രമപ്രവണതയും, ഇന്ത്യയുടെ ജനാധിപത്യപുരോഗതിയെയും ഭരണഘടനയെത്തന്നെയും തുരങ്കം വെക്കുമെന്നതിൽ സംശയമില്ല. അതിനാൽ, കേരളത്തിൽ ജനക്ഷേമകരങ്ങളായ നടപടികൾ കൈക്കൊണ്ടുവരുന്ന ഗവർമ്മെണ്ടിനെ അട്ടിമറിക്കുന്നതിന്നു വേണ്ടിയുള്ള നിക്ഷിപ്തതാല്പര്യക്കാരുടെ ഗൂഢാലോചനയെ പരാജയപ്പെടുത്തേണ്ടതു ജനാധിപത്യവാദികളുടെ മുഴുവൻ കടമയാണ്. അതിന്നുവേണ്ടി, ഏറ്റവും സമചിത്തതയോടും ആത്മധൈര്യത്തോടുംകൂടി സംഘടിതമായി പ്രവർത്തിക്കുവാൻ, തൊഴിലാളികളോടും കൃഷിക്കാരോടും അദ്ധ്യാപകരോടും വിദ്യാർത്ഥികളോടും മറ്റെല്ലാ ജനാധിപത്യവാദികളോടും ഞങ്ങൾ അഭ്യർത്ഥിക്കുന്നു.

—കെ. ദാമോദരൻ.